# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 790      12.06.2013-ൽ മറുപടിയ്ക്ക്

### ഭൂജലചൂഷണം

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
|---|---|
| എ) കേരളത്തിൽ ഏതെല്ലാം കമ്പനികളാണ് ഭൂജല ചൂഷണം നടത്തുന്നത് ; | എ) മലമ്പുഴ ബ്ലോക്കിലെ പെപ്സി കോ കമ്പനി ഭൂജലം അമിതമായി ചൂഷണം നടത്തിയതായി പരാതി ലഭിക്കുകയും, ആയത് തടയാനായി ഭൂജലവകുപ്പ് നടപടികൾ എടുക്കുകയും ചെയ്തു. വേറെ കമ്പനികളുമായി ബന്ധപ്പെട്ട പരാതികൾ ഒന്നും ഭൂജലവകുപ്പിന് ലഭിച്ചിട്ടില്ല. |
| ബി) ഭൂജല ചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയി ക്കാമോ? | ബി) ഭൂജല ചൂഷണം തടയാനായി 2002 ൽ തന്നെ കേരളത്തിൽ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് നിലവിൽ വന്നിട്ടുണ്ട്. ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിനായി ഭൂജല അതോറിറ്റി രൂപീകരിക്കുകയും അതോറിറ്റിയുടെ ശുപാർശയിന്മേൽ ഏതെങ്കിലും പ്രദേശത്തെ ഭൂജലത്തിന്റെ ചൂഷണമോ ഉപയോഗമോ ക്രമീകരിക്കേണ്ടത് പൊതു താൽപ്പര്യാർത്ഥം ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന പക്ഷം ഗസറ്റ് വിജ്ഞാപനം വഴി പ്രസ്തുത പ്രദേശത്തെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിക്കുകയും ടി പ്രദേശത്ത് കർശനമായ നിബന്ധനകളോടെ പെർമിറ്റോട് കൂടി മാത്രം ഭൂജല ഉപഭോഗം |

അനുവദിക്കുകയും ചെയ്യുന്നു. പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, ഭൂജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് തടയുക തുടങ്ങിയവ ഈ ആക്റ്റിന്റെ പരിധിയിൽപ്പെടുന്നു.

സെക്ഷൻ ഓഫീസർ